(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുന്തോട്ടവും കുട്ടികളുടെ പാർക്കും നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്ന് നൽകിവരുന്ന തുക

92 [1989] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

" ജോർജ്ജ് ജെ. മാത്യു:

" ബി. വിജയകുമാർ :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്നും വർഷാംശമായി എത്ര തുക നൽകിവരുന്നു ;

(ബി) പ്രസ്തുത തുക നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(സി) പ്രസ്തുത തുകയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇതനുസരിച്ച് തുകയിൽ വർദ്ധന വരുത്താറുണ്ടോ ;

(ഇ) പ്രസ്തുത വ്യവസ്ഥപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇപ്പോൾ സർക്കാർ പ്രതിവർഷം നൽകേണ്ട തുകയെത്രയാണ് ;

(എഫ്) ദേവസ്വം ബോർഡിന് നൽകേണ്ട തുക ഏറ്റവും അവസാനം വർദ്ധിപ്പിച്ചതെന്നാണ് ;

(ജി) വർദ്ധിപ്പിച്ച തോതിൽ തുക ഇപ്പോൾ നൽകിവരുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സൗകര്യങ്ങൾ ചെയ്യുന്നതിന്റെ പേരിൽ എത്ര തുക വീതം ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ദേവസ്വം ബോർഡിൽനിന്നും സർക്കാർ വാങ്ങിയിട്ടുണ്ട് ;

(ഐ) ദേവസ്വം ബോർഡിന് കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തുകയുടെ കുടിശ്ശികയിൽനിന്ന് ദേവസ്വം ബോർഡിൽ നിന്നും വാങ്ങുന്ന തുക തട്ടിക്കിഴിക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2002-03 സാമ്പത്തിക വർഷം വരെ 40.5 ലക്ഷം രൂപ ആനുവൽ ഗവൺമെന്റ് കോൺട്രിബ്യൂഷനായും 15 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായും അനുവദിച്ചുപോന്നിട്ടുണ്ട്. 2003-04 വർഷം മുതൽ ആനുവൽ കോൺട്രിബ്യൂഷൻ തുക 80 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും സ്പെഷ്യൽ ഗ്രാന്റ് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം എന്നീ സ്ഥാപനങ്ങൾക്ക് 1949-ലെ തിരു-കൊച്ചി സംയോജന കരാറായ 'കവനന്റി'ലെ വ്യവസ്ഥപ്രകാരം ചാർജ്ഡ് ഇനത്തിൽ എല്ലാ വർഷവും "കോൺട്രിബ്യൂഷൻ ടു ദേവസ്വം ആൻഡ് പണ്ടാരവക ഫണ്ട്" ആയാണ് തുക നൽകി വരുന്നത്. ഇത് നിലവിൽ വന്ന കാലത്തെ നെല്ലിന്റെ വിലയെ അടിസ്ഥാനമാക്കിയാണ് തുക നിശ്ചയിച്ചിരുന്നത്.

(സി, ഡി, ഇ & എഫ്) നെല്ലിന്റെ വില വർദ്ധന, പൂജാസാധനങ്ങളുടെ വില വർദ്ധനവ് എന്നിവയൊക്കെ കണക്കിലെടുത്ത് 6-12-2003-ലെ 378/2003/ആർഡി നമ്പർ ഉത്തരവു പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനു നൽകേണ്ട കോൺട്രിബ്യൂഷൻ തുക 40.5 ലക്ഷത്തിൽ നിന്നും 80 ലക്ഷം രൂപയായി 2003-04 വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ജി) 2003-04-ലെ കോൺട്രിബ്യൂഷൻ തുകയുടെ വർദ്ധന തുകയും 2004-2005 വർഷത്തെ വിഹിതവും ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഉടനെ തന്നെ അതു വിതരണം ചെയ്യുന്നതാണ്.

(എച്ച്) 1179, 1180 എന്നീ വർഷങ്ങളിൽ പോലീസ് വകുപ്പിന്റെ മെസ് നടത്തിപ്പിന് 13.5 ലക്ഷം രൂപ വീതവും ഹെൽത്ത് ഡിപ്പാർട്ട്മെൻറിലെ ഡ്യൂട്ടിക്കാർക്ക് ടി. എ., ഡി. എ. നൽകാൻ 12 ലക്ഷം രൂപ വീതവും ഓക്സിജൻ പാർലർ നടത്താൻ പത്തനംതിട്ട കളക്ടർക്ക് 2 ലക്ഷം രൂപ വീതവും ബോർഡ് നൽകിയിട്ടുണ്ട്.

എരുമേലി സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി കോട്ടയം കളക്ടർക്ക് 1179-ൽ 2 ലക്ഷം രൂപയും 1180-ൽ രണ്ടര ലക്ഷം രൂപയും ശബരിമല സാനിട്ടേഷൻ സൊസൈറ്റിക്ക് 1179-ൽ 15 ലക്ഷം രൂപയും 1180-ൽ ആദ്യഗഡുവായി 10 ലക്ഷം രൂപയും ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്.

(ഐ) കോൺട്രിബ്യൂഷൻ തുക ഒരു 'ചാർജ്ഡ്' ഇനമായതിനാൽ അതിൽനിന്നും തുക തട്ടിക്കഴിച്ചു നൽകുന്നത് ഉചിതമല്ല.

LIBRARY ARCHIVES Kerala Legislative Assembly